# നാമജപഘോഷയാത്രയുമായി ബന്ധപ്പെട്ട കേസുകൾ എത്രയുംവേഗം പിൻവലിക്കണം

ശബരിമലയിലെ യുവതീപ്രവേശനവിഷയവുമായി ബന്ധപ്പെട്ട് വിശ്വാസസംരക്ഷണാർത്ഥം 2018-ൽ നടത്തിയ നാമജപഘോഷയാത്രയിൽ പങ്കെടുത്ത സ്ത്രീകളടക്കം നിരവധി വിശ്വാസികളെ പ്രതിയാക്കി സംസ്ഥാനസർക്കാർ വിവിധ വകുപ്പുകളിലായി എടുത്ത കേസുകൾ ഇപ്പോഴും നിലനില്ക്കുകയാണ്. തൊഴിൽരഹിതരും വിദ്യാർത്ഥികളും സംസ്ഥാനത്തും വിദേശത്തും തൊഴിലിനായി കാത്തിരിക്കുന്നവരും ആയിട്ടുള്ളവരാണ് ഇതിൽ ഏറിയ ഭാഗവും. സന്നിധാനത്ത് ദർശനത്തിനായെത്തിയ നിരപരാധികളായ ഭക്തരും ഇതിൽ ഉൾപ്പെടുന്നുണ്ട്.

പതിനേഴായിരത്തോളം കേസുകളിലായി ഏകദേശം 68000 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിരുന്നു എന്ന വാർത്തയാണ് അന്ന് പുറത്തുവന്നത്. കഴിഞ്ഞ അസംബ്ലിതിരഞ്ഞെടുപ്പിന് മുമ്പായി ഈ കേസുകൾ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചതായിട്ടും അറിയാൻ കഴിഞ്ഞു.

ഇതിലും വളരെ ഗൗരവമേറിയ പല കേസുകളും പല കാരണങ്ങളാലും സർക്കാരിന് നിരുപാധികം പിൻവലിക്കേണ്ടിവന്ന സാഹചര്യത്തിൽ, നിരപരാധികളായ ഇവരുടെ പേരിൽ എടുത്തിട്ടുള്ള പ്രസ്തുത കേസുകൾ ഇനിയുമെങ്കിലും പിൻവലിക്കാനുള്ള ധാർമ്മികഉത്തരവാദിത്വം ഒരു ജനാധിപത്യസർക്കാരിനുണ്ട്. വിശ്വാസിസമൂഹത്തിനെതിരെ എടുത്തിട്ടുള്ള ഇത്തരം കേസുകൾ പിൻവലിക്കണമെന്ന് നായർ സർവീസ് സൊസൈറ്റിയും മറ്റു പല സംഘടനകളും സർക്കാരിനോട് പലതവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നിരുന്നാലും അതിന്മേൽ വ്യക്തമായ ഒരു നടപടിയും സ്വീകരിച്ചതായി അറിയുന്നില്ല. ഇത് ഹൈന്ദവവിശ്വാസികൾക്കെതിരെയുള്ള ഒരു വെല്ലുവിളിയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.



നാമജപഘോഷയാത്രയിൽ പങ്കെടുത്ത പലരെയും പ്രതികളാക്കിക്കൊണ്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ അവർ കോടതിയിൽ ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള സമൻസ് ഇപ്പോഴും വന്നുകൊണ്ടിരിക്കുകയുമാണ്.

പ്രസ്തുത കേസുകൾ പിൻവലിക്കാനുള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കുന്നത് തികച്ചും പ്രതിഷേധാർഹമാണ്.

ഇതു സംബന്ധിച്ച് വിശ്വാസിസമൂഹവും ഗവണ്മെന്റുമായി ഉണ്ടായ അഭിപ്രായഭിന്നതയ്ക്കും തുടർനടപടികൾക്കും ഒരു ശാന്തത കൈവന്നിരിക്കുന്ന സാഹചര്യത്തിൽ, നാമജപഘോഷയാത്രയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എത്രയും വേഗം പിൻവലിക്കുവാൻ സർക്കാർഭാഗത്തുനിന്നും നടപടി ഇനിയുമെങ്കിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.